(സി) ചില ഓഫീസുകളിൽ ജീവനക്കാരുടെ അപര്യാപ്തത കാരണം സർക്കാർ ജോലിക്ക് തടസ്സം ഉണ്ടാകുന്നു എന്ന് മനസ്സിലാക്കുമ്പോൾ ടി ഓഫീസിന്റെ സുഗമമായ നടത്തിപ്പിനായിട്ടാണ് വർക്കിംഗ് അറേഞ്ചുമെന്റിൽ ആളെ നിയമിക്കുന്നത്.

(ഡി) സ്ഥലംമാറ്റപ്പെടുന്ന ഓഫീസിലെ ജോലിയെ പ്രതികൂലമായി ബാധിക്കില്ല എന്ന് ഉത്തമബോദ്ധ്യം വന്ന ശേഷമേ ഇത്തരം സ്ഥലംമാറ്റങ്ങൾ നടത്താറുള്ളൂ.

(ഇ) വർക്കിംഗ് അറേഞ്ച്മെന്റ് ജീവനക്കാരെ സ്ഥലം മാറ്റുന്നത് പൊതു സ്ഥലംമാറ്റ ഉത്തരവിന് വിരുദ്ധമായിട്ടല്ല.

46 (3371) സ്വകാര്യ തോട്ടക്കാർക്ക് ഗവൺമെന്റ് ഫണ്ട്

ശ്രീ. എ.കെ. മണി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ തോട്ടക്കാർക്ക് ഗവൺമെന്റിൽനിന്നും എന്തെല്ലാം കാര്യങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ എന്ത് തുക സ്വകാര്യ തോട്ടമുടമകൾക്ക് നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത തുക ഗ്രാന്റായാണോ ലോണായാണോ നൽകിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(സി) സ്വകാര്യ തോട്ടക്കാർക്ക് ഒരു കാര്യത്തിനും വനം വകുപ്പിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല.

47 (3372) തിരുനെല്ലി പഞ്ചായത്തിൽ കാട്ടാനശല്യം

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുനെല്ലി പഞ്ചായത്തിൽ 1999 ഏപ്രിൽ 1 മുതൽ നാളിതുവരെ കാട്ടാനകൾ എത്ര വീട് നശിപ്പിച്ചിട്ടുണ്ട്;

(ബി) ഇപ്രകാരം വീട് നശിപ്പിക്കപ്പെട്ടവർക്ക് പകരം വീട് പണിതു നല്കുന്നുണ്ടോ; ഇവർക്ക് എന്തു തുക നഷ്ടപരിഹാരമായി നൽകുന്നുണ്ട്;

(സി) ഇനിയും എത്ര പേർക്ക് നഷ്ടപരിഹാരം നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാട്ടാനകൾ ഭാഗികമായി 14 വീടുകൾ നശിപ്പിച്ചിട്ടുണ്ട്.

(ബി) വീട് നഷ്ടപ്പെട്ടവർക്ക് 'ദി കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽ-1980'-ാം ചട്ടപ്രകാരം നഷ്ടപരിഹാരം കൊടുക്കുവാൻ വ്യവസ്ഥ ഉണ്ട്. നഷ്ടപരിഹാരമായി 35,375 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

823/2010.

LIBRARY ARCHIVES Kerala Legislative Assembly